**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3968** **03-03-2023 - ൽ മറുപടിയ്ക്ക്**

**പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ നിലവിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ നിലവിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങളും അവയുടെ വിശദാം ശങ്ങളും ചുവടെചേർക്കുന്നു.<br><br>1) മെറ്റേർണിറ്റി ബ്ലോക്ക്<br><br>നബാർഡ് സഹായത്തോടെ 6 കോടി രൂപ ചെലവിൽ ബ്ലോക്കിന്റെ നിർമ്മാണം നടന്നുവരികയാണ്. രണ്ട് നിലകളിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഒന്നാം നിലയുടെ കോൺക്രീറ്റ് പ്രവൃത്തി പരോഗമിക്കുന്നു.<br><br>2)ഐസൊലേഷൻ വാർഡ്<br><br>കിഫ്ബി, എം.എൽ.എ.ഫണ്ട് ഉപയോഗിച്ച് 1.75 കോടി രൂപയുടെ ഐസൊലേഷൻ വാർഡ് 2400 സ്ക്വയർഫീറ്റുള്ള പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ടി കെട്ടിടത്തിൽ 10 കിടക്കകൾ, ഡോക്ടർ റൂം, നഴ്സിംഗ് റൂം, മരുന്ന് സൂക്ഷിപ്പ് കേന്ദ്രം, അത്യാഹിത വിഭാഗം, കാത്തിരിപ്പ് കേന്ദ്രം, സ്റ്റോർ റൂം, ടോയ് ലെറ്റ്, ജനറേറ്റർ എന്നിവ ഉൾപ്പെടുന്നു. TDLC ആണ് നിർവ്വഹണ ഏജൻസി. നിലവിൽ കെട്ടിടത്തിന്റെ Rain Water Gutter Work നടന്നു വരുന്നു. ഇ.പി.എസ്. പാനൽ ജോലികൾ (EPS Panel- Erection) പുരോഗമിച്ചു വരുന്നു.<br><br>3) സ്റ്റാഫ് ക്വാർട്ടേഴ്സ്<br><br>എൻ.എച്ച്.എം.ഫണ്ടിൽ ഉൾപ്പെടുത്തി 1.22 കോടി രൂപ ചെലവിൽ രണ്ട് നിലകളായാണ് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നത്. ബെഡ് റൂം, ലിവിംഗ് റൂം, അടുക്കള, ടോയ് ലെറ്റ് എന്നിവയോടുകൂടിയ ക്വാർട്ടേഴ്സിൽ താഴത്തെ നിലയിൽ 3 കുടുംബങ്ങൾക്കും ഒന്നാം നിലയിൽ ഒരു കുടുംബത്തിനും താമസിക്കാൻ കഴിയും. KEL ആണ് നിർവ്വഹണ ഏജൻസി. |

| | | | |
|---|---|---|---|
| | | | കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വർക്കും, Column വർക്കും പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ